**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6839** **21-03-2023 - ൽ മറുപടിയ്ക്ക്**

**എച്ച്.ആർ.എം.എസ്. സ്പാർക്കുമായി ഇന്റഗ്രേറ്റ് ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിലെ ഓൺലൈൻ ട്രാൻസ്ഫർ നടത്തുന്ന എച്ച്.ആർ.എം.എസ്. സ്പാർക്കുമായി ഇന്റഗ്രേറ്റ് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആയത് ചെയ്യാനുള്ള നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കാമോ; | (എ) | റവന്യൂ വകുപ്പിന്റെ മുഴുവൻ സേവനങ്ങളും കംപ്യൂട്ടർവൽക്കരിച്ച് പരമാവധി വേഗത്തിൽ സേവനം നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം (HRMS). നിലവിലെ HRMS സോഫ്റ്റ്‌വെയർ മുഖേന ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനും, പ്രൊമോഷനും, പൊതു സ്ഥലംമാറ്റവും ഫലപ്രദമായി നടപ്പിലാക്കുന്നതിനും റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ട്രാൻസ്ഫർ മാനദണ്ഡങ്ങൾ കൂടി HRMS ൽ ഇമ്പ്ലിമെന്റ് ചെയ്യേണ്ടതുണ്ട്. സ്പാർക്ക് സോഫ്റ്റ്‌വെയറിൽ നിന്നും വ്യത്യസ്തമായി ഓരോ ജീവനക്കാരന്റെയും സീറ്റ്, ഓഫീസ് ഉൾപ്പെടെ ക്രിയേറ്റ് ചെയ്ത് ഓരോ മോഡ്യൂളിനെയും HRMS മായി ഇന്റഗ്രേറ്റ് ചെയ്യുക എന്നതാണ് ലക്ഷ്യമാക്കുന്നത്. നിലവിൽ കോവിഡ് എക്സ്ഗ്രേഷ്യ, KBT, MITHRAM, RTI, Asset മുതലായ മൊഡ്യൂളുകൾ HRMS മായി ഇന്റഗ്രേറ്റ് ചെയ്ത് പ്രവർത്തിക്കുന്നവ ആണ്. ആയതിനാൽ സ്പാർക്ക് ഇന്റഗ്രേഷനും കൂടി പൂർത്തിയാകേണ്ടത് റവന്യൂ പോർട്ടലിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉതകുന്നതാണ്. ആയതിന് സ്പാർക്കിന്റെ API ഷെയർ ചെയ്യേണ്ടതുണ്ട്. അപ്രകാരം റവന്യൂ പോർട്ടലിന്, സ്പാർക്ക് സോഫ്റ്റ്‌വെയറുമായി ഒരു ലൈവ് ഡാറ്റാ ബേസ് ഇന്റഗ്രേഷൻ നടത്തുന്ന വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | സ്പാർക്കുമായി ഇന്റഗ്രേറ്റ് ചെയ്യാത്തത് കാരണം ഉദ്യോഗസ്ഥരുടെ സർവീസ് ഡീറ്റയിൽസ് എച്ച്.ആർ.എം.എസ്-ൽ ശരിയായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡാറ്റാ എൻട്രിയിൽ ഉണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് ഡി.ഡി.ഒ. മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എച്ച്.ആർ.എം.എസ്-ൽ ഡി.ഡി.ഒ-മാർ ഉദ്യോഗസ്ഥരുടെ സർവീസ് സംബന്ധിച്ച വിവരങ്ങൾ ശരിയായ രീതിയിൽ അപ്ഡേറ്റ് ചെയ്യാത്തത് കാരണം 2022-ലെ ഓൺലൈൻ ട്രാൻസ്ഫറിൽ അപാകത സംഭവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | സ്റ്റേഷനിൽ പ്രവേശിച്ച തീയതി കൃത്യമല്ലാതിരുന്നതിനാൽ കൊല്ലം ജില്ലയിലെ ചില സ്റ്റേഷനുകളിൽ നിന്ന് ജൂനിയർ ആയ ജീവനക്കാർ നിർബന്ധിത സ്ഥലമാറ്റത്തിൽ ഉൾപ്പെട്ടിരുന്നു. ടി സ്ഥലംമാറ്റം റദ്ദ് ചെയ്ത് സീനിയർ ആയവരെ സ്ഥലം മാറ്റി അപാകത പരിഹരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | 5.7.2022 ന് മുൻപ് എച്ച്.ആർ.എം.എസ്-ൽ ഡാറ്റ അപ്ഡേറ്റ് ചെയ്യണം എന്ന് കാണിച്ചുകൊണ്ട് എൽ.ആർ.സി.യിൽ നിന്നും ഉത്തരവ് നൽകിയിട്ടും ആയത് ചെയ്യാത്തത് മൂലം 2022-ലെ പൊതുസ്ഥലമാറ്റ ഉത്തരവിൽ അപാകത സംഭവച്ചതിൽ ഡി.ഡി.ഒ-മാരിൽ നിന്നോ ജില്ലാ കളക്ടർമാരിൽ നിന്നോ വിശദീകരണം ചോദിച്ചിട്ടുണ്ടോ; ആർക്കെതിരെയെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | എച്ച്.ആർ.എം.എസ്-ൽ ഡാറ്റ അപ്ഡേറ്റ് ചെയ്യുന്നതിലുണ്ടായ അപാകത സംബന്ധിച്ച് കൊല്ലം ജില്ലാ കളക്ടറുടെ വിശദീകരണം ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു. വിശദീകരണം പരിശോധിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നതാണ്. |
| (ഇ) | എച്ച്.ആർ.എം.എസ്-ൽ എല്ലാ ഉദ്യോഗസ്ഥരുടെയും സർവീസ് ഹിസ്റ്ററിയിൽ ഏതൊക്കെ ഓഫീസുകളിൽ ജോലി ചെയ്തിട്ടുണ്ട് എന്നത് വ്യക്തമായി രേഖപ്പെടുത്താത്ത എത്ര ഓഫീസുകൾ ഉണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ? | (ഇ) | 1360 ഓഫീസുകൾ ജീവനക്കാരുടെ സർവ്വീസ് ഹിസ്റ്ററി പൂർണ്ണമായും എന്റർ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ